(ഇ) ഏറ്റുമാനൂർ കിഴക്കുംഭാഗം കരയിൽ കോതലടി വീട്ടിൽ ഔസേഫ് എബ്രഹാം മകൻ ബേബി എബ്രഹാം എന്നയാൾ വിവിധ ഫൈനാൻസിയേഴ്സുകളിൽ നിന്നും പണം എടുത്ത് നാടുവിട്ടു പോയിട്ടുള്ളതാണ്. ഇതു സംബന്ധിച്ച് ഏറ്റുമാനൂർ പി. എസ്. ക്രൈം 156/02 യു.എസ്. മാൻ മിസ്സിംഗ് ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതുമാണ്. ടിയാന് ആരിൽ നിന്നും ഭീഷണി ഉള്ളതായി അറിയില്ല.

(എഫ്) അന്വേഷണം നടന്നുവരുന്നു.

(ജി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എച്ച്) എന്തെങ്കിലും തരത്തിലുള്ള അക്രമങ്ങൾ ഉണ്ടായാൽ അക്കാര്യത്തിൽ കർശനമായ നിയമനടപടികൾ സ്വീകരിക്കുന്നതും അന്വേഷണം നടത്തുന്നതുമാണ്.

## ത്രിശൂല വിതരണം

49 [5192] ശ്രീ. സി. മമ്മൂട്ടി:
,, വി. കെ. ഇബ്രാഹിംകുഞ്ഞ്:
,, കളത്തിൽ അബ്ദുള്ള:
,, പി. കെ. കെ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ത്രിശൂല വിതരണം നടന്നിട്ടുണ്ടോ;

(ബി) ഇത് എത്ര കേന്ദ്രങ്ങളിൽ നടന്നുവെന്നറിയിക്കാമോ;

(സി) ഇതു സംബന്ധിച്ച് പോലീസ് എന്തെങ്കിലും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(ഡി) ത്രിശൂലവിതരണം സമൂഹത്തിൽ സാമുദായിക സംഘർഷമുണ്ടാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

## ഉത്തരം

(എ) ഉണ്ട്.

(ബി) മൂന്നു കേന്ദ്രങ്ങളിൽ.

(സി) കേസ് രജിസ്റ്റർ ചെയ്തിട്ടില്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## മുത്തങ്ങയിൽ നടന്ന വെടിവയ്പ്പിനെ സംബന്ധിച്ച് ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ അന്വേഷണം

50 [5193] ശ്രീ. കെ. പി. രാജേന്ദ്രൻ:
,, എൻ. രാജൻ:
,, പി. നാരായണൻ:
,, പി. എസ്. സുപാൽ:
,, എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) മുത്തങ്ങയിൽ ആദിവാസികൾക്കു നേരെ നടന്ന വെടിവയ്പ്പിനെ സംബന്ധിച്ചും പോലീസ് അതിക്രമങ്ങളെ സംബന്ധിച്ചുമുള്ള ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ അന്വേഷണം പൂർത്തിയായിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് സംസ്ഥാന സർക്കാരിൽനിന്ന് എന്തൊക്കെ വിശദീകരണങ്ങളാണ് കമ്മീഷൻ ആവശ്യപ്പെട്ടത്; ഈ വിശദീകരണങ്ങൾ യഥാസമയം നൽകിയിട്ടുണ്ടോ;

(സി) മുത്തങ്ങ സംഭവം സി.ബി.ഐ.-യെക്കൊണ്ട് അന്വേഷിപ്പിക്കണമെന്ന മനുഷ്യാവകാശ കമ്മീഷന്റെ നിർദ്ദേശം അംഗീകരിച്ചതിനുശേഷം സംസ്ഥാന സർക്കാർ നടത്തുന്ന അന്വേഷണത്തിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വിശദമാക്കുമോ;

(ഡി) മുത്തങ്ങയിൽ ആദിവാസികൾക്കുനേരെ പോലീസ് നടത്തിയ കയ്യേറ്റത്തെയും അതിക്രമങ്ങളെയും സംബന്ധിച്ചുള്ള സംസ്ഥാന സർക്കാരിന്റെ അന്വേഷണങ്ങളിൽ ദേശീയ മനുഷ്യാവകാശ കമ്മീഷൻ സംതൃപ്തി രേഖപ്പെടുത്തിയിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ടിൽ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(എഫ്) മുത്തങ്ങ വെടിവയ്പ്പിൽ കൊല ചെയ്യപ്പെട്ട ആദിവാസിയായ ജോഗിയുടെ കുടുംബത്തിന് സർക്കാർ സാമ്പത്തിക സഹായം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തുക നൽകിയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇക്കാര്യത്തിൽ ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ അന്വേഷണം സംബന്ധിച്ച വിശദാംശങ്ങൾ ലഭിച്ചിട്ടില്ല.

(ബി) മുത്തങ്ങയിലുണ്ടായ സംഭവങ്ങളെ സംബന്ധിച്ച വിശദമായ റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. ആയത് യഥാസമയം നൽകിയിട്ടുണ്ട്.

(സി) മുത്തങ്ങ സംഭവവുമായി ബന്ധപ്പെട്ട് ക്രൈംബ്രാഞ്ച് വിഭാഗം അന്വേഷണം നടത്തിവന്നിരുന്ന ക്രൈം നമ്പർ 56/സി.ആർ./എസ്./3/2003, 57/സി.ആർ./എസ്.3/2003, 58/സി.ആർ./എസ്.3/2003, 59/സി.ആർ./എസ്.3/2003, 60/സി.ആർ./എസ്.3/2003, 61/സി.ആർ./എസ്.3/2003, 62/സി.ആർ./എസ്.3/2003 എന്നീ കേസുകൾ തുടർന്നുള്ള അന്വേഷണത്തിന് 26-7-2003-ന് സി.ബി.ഐ.-ക്ക് കൈമാറിയിട്ടുള്ളതാണ്. ഇവ സി.ബി.ഐ. ഏറ്റെടുത്ത ശേഷം പോലീസ് അന്വേഷിക്കുന്നില്ല.

(ഡി) സംതൃപ്തി രേഖപ്പെടുത്തിയിട്ടില്ല.

(ഇ) ചോദ്യം ചോദിക്കുന്നില്ല.

(എഫ്) സാമ്പത്തിക സഹായം നൽകിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly